പാറ്റൂർ ഭൂമി വിജിലൻസ് അന്വേഷണം

238 (244) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂരിലെ ജലവിഭവ വകുപ്പ വക ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) അധികാരദുർവിനിയോഗവും അഴിമതിയും ക്രമക്കേടുകളും നടത്തിയതായി വിജിലൻസ് കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ;

(സി) കുറ്റക്കാരായവർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് എന്നാണ്;

(ഡി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടായിരുന്നുവോ;

(ഇ) അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് കൈമാറിയ ശേഷം ചീഫ് സെക്രട്ടറി, വിജിലൻസ് ഡയറക്ടറെ ഫോണിലും അല്ലാതെയും എത്ര തവണ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു;

(എഫ്) ചീഫ് സെക്രട്ടറിക്ക് വിജിലൻസ് വകുപ്പിന്റെ എന്തെങ്കിലും ചുമതല നേരിട്ട് ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ വിജിലൻസ് ഡയറക്ടറെ ഔദ്യോഗികമായ എന്തെല്ലാം കാര്യങ്ങൾക്കാണ് ഫോണിൽ ബന്ധപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ, അന്വേഷണ ഏജൻസിയുടെ ഡയറക്ടറെ നിരന്തരം ബന്ധപ്പെടുന്നത് എത്രത്തോളം ഉചിതമാണ് ?

ഉത്തരം

(എ) പാറ്റൂരിലെ ജലവിഭവ വകുപ്പ് വക ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

(ഇ) പാറ്റൂർ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ലാത്തതിനാൽ ചീഫ് സെക്രട്ടറി, വിജിലൻസ് ഡയറക്ടറുമായി പാറ്റൂർ വിഷയം ചർച്ച ചെയ്യേണ്ടുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(എഫ്&ജി) ചീഫ് സെക്രട്ടറിക്ക് വിജിലൻസുമായി ബന്ധപ്പെടാനോ കാര്യങ്ങൾ തിരക്കാനോ ഉള്ള അധികാരം ഉണ്ട്. അല്ലാതെ വിജിലൻസിന്റെ കേസന്വേഷണങ്ങളിലോ മറ്റ് അന്വേഷണങ്ങളിലോ ചീഫ് സെക്രട്ടറി ഇടപെടാറില്ല.

LIBRARY ARCHIVES Kerala Legislative Assembly